ദേശാഭിമാനി BETA Aug 25, 2016



► സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനും എംഎസ് സർവകലാശാലാ വൈസ് ചാൻസലർ ഡോ. കെ ഭാസ്കറും ധാരണാപത്രം കൈമാറുന്നു

# സിഎംഎഫ്ആർഐയും എംഎസ് സർവകലാശാലയും സംയുക്ത ഗവേഷണത്തിന് ധാരണ

കൊച്ചി > സമുദ്ര ജൈവവൈവിധ്യങ്ങളെക്കുറിച്ചുള്ള ഗവേഷണം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) തമിഴ്നാട്ടിലെ മനോൻമണിയം സുന്ദരനാർ (എംഎസ്) സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവച്ചു. രാജ്യത്തെ ഏറ്റവും വലിയ സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ സിഎംഎഫ്ആർഐയുടെ തൂത്തുക്കുടി ഗവേഷണകേന്ദ്രവും എംഎസ് സർവകലാശാലയും മന്നാർ ഉൾക്കടലിലെ പ്രത്യേക ജൈവവൈവിധ്യങ്ങളുടെ സാധ്യതകൾ കണ്ടെത്തുന്നതിന് സംയുക്ത ഗവേഷണം നടത്തും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനും എംഎസ് സർവകലാശാലാ വൈസ് ചാൻസലർ ഡോ. കെ ഭാസ്കറുമാണ് ധാരണപത്രത്തിൽ ഒപ്പുവച്ചത്.

സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരെ എംഎസ് സർവകലാശാലയിലെ അംഗീകൃത റിസർച്ച് ഗൈഡുകളായി പരിഗണിക്കുന്നതിനും ധാരണയായിട്ടുണ്ട്. ഇതോടെ, സമുദ്ര ജൈവവൈവിധ്യമേഖലയുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐയിൽ ഗവേഷണം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് എംഎസ് സർവകലാശാലയിൽനിന്ന് പിഎച്ച്ഡി നേടാനും സാധിക്കും.